**പതിമൂന്നാം കേരള നിയമസഭ**

**16-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2002** **16.02.2016-ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ വ്യതിയാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി സതീശൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്സും സിനിമയും വകുപ്പമന്ത്രി) |
| (എ) കാലാവസ്ഥാ വ്യതിയാനം പഠിക്കാൻ എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്; | (എ) കാലാവസ്ഥാ വ്യതിയാനം എന്ന വിഷയത്തിൽ സമഗ്ര പഠനത്തിനായി 21.02.2014-ലെ GO(Ms) No.03/2014/Envt നം. സർക്കാർ ഉത്തരവ് പ്രകാരം കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥാവ്യതിയാന പഠന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റി സമഗ്ര പഠനവും ഗവേഷണവും, സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം പരിസ്ഥിതിയിൽ ഉണ്ടാവുന്ന മാറ്റങ്ങളും ഭക്ഷ്യസുരക്ഷയിലും ഉൽപ്പാദന മേഖലകളിലും തീരദേശ മേഖലയിലുള്ള പാരിസ്ഥിതിക ആഘാതത്തെപ്പറ്റിയും പഠന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുക എന്നതാണ് മുഖ്യ പ്രവർത്തനലക്ഷ്യം. കേന്ദ്ര ഗവൺമെന്റിൽ നിന്നും മറ്റ് ദേശീയ, അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നും ലക്ഷ്യസാക്ഷാത്ക്കാരത്തിന് ഉതകുന്ന പദ്ധതികൾ സമർപ്പിച്ച് പ്രോജക്ട് ഫണ്ടുകൾ വാങ്ങി നടപ്പിലാക്കുക, ദേശീയ അന്തർദേശീയ സെമിനാറുകളും വർക്ക് ഷോപ്പുകളും നടത്തുക എന്നതും ഈ സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യമാണ്. |
| (സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) നിലവിൽ കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴിയിലുള്ള വാടക കെട്ടിടത്തിലാണ് സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും ഓഫീസും കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ പദ്ധതികൾക്കായി സർക്കാർ നടപ്പു വർഷം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും ദുരന്ത ലഘൂകരണത്തെക്കുറിച്ചും എല്ലാ പഞ്ചായത്തുകളിലും ക്ലാസ്സുകൾ നടത്തി വരികയാണ്. കൂടാതെ കേരളത്തിന്റെ ഉയർന്ന പ്രദേശങ്ങളിലെ കാലാവസ്ഥാ വ്യതിയാന അനുഭവങ്ങൾ വഴി മണ്ണിലുണ്ടായ വ്യത്യാസങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ ആരംഭിക്കുകയും നിരവധി ബോധവൽക്കരണ ക്ലാസ്സുകൾ സ്കൂൾ തലത്തിലും കോളേജ് തലത്തിലും നടത്തി വരുകയും ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനവും പകർച്ച വ്യാധിയും എന്ന വിഷയത്തിൽ ഗവേഷണ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു സാമ്പിൾ പഠന പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ ഗവേഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**